ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. DTETVM/3539/2026-L3(PLA) തീയതി: 25-05-2026

**പരിപത്രം**

വിഷയം:- സങ്കേതികം -വിദ്യാഭ്യാസം- മാലിന്യ മുക്ത നവകേരളം ക്യാമ്പയിൻ - മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ വിവര ശേഖരണം (രണ്ടാം ഘട്ടം ) - നിർദേശം നല്കുന്നത് - സംബന്ധിച്ച്.

സൂചന :- 24.03.2026 തീയതിയിലെ സർക്കാർ കത്ത് നം . L1/98/2026-HEDN.

ഈ വകുപ്പിന് കീഴിലെ സ്വാകാര്യസ്വാശ്രയ എഞ്ചിനീയറിങ് കോളേജുകളിലെ മാലിന്യ സംസ്കരണം ഫലപ്രദമായി നടക്കുന്നില്ലെന്നും അജൈവ മാലിന്യം സംസ്കരിക്കുന്നതിലും ലിക്വിഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിലും ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കുന്നതിന് സാധിച്ചിട്ടില്ലെന്നും മാലിന്യ മുക്ത നവകേരളം ക്യാമ്പയിനുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ മുക്ത നവകേരളം ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ഓരോ സ്ഥാപനവും നടപ്പിലാക്കിയിട്ടുണ്ട് എന്നു ഉറപ്പുവരുത്തുന്നതിനായി പുതിയ കോഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി എഗ്രിമെന്റിൽ ഏർപ്പെടുന്ന അവസരത്തിൽ പ്രസ്തുത സ്ഥാപനങ്ങളിൽ മാലിന്യ മുക്തവുമായി ബന്ധപ്പെട്ട അവസ്ഥാ പഠനത്തിന്റെ വിവര ശേഖരണം പൂർത്തിയാക്കിയിട്ടുണ്ട് എന്ന ഒരു വ്യവസ്ഥ കൂടി നിർബന്ധ ഘടകമായി എഗ്രിമെന്റിൽ ഉൾ പ്പെടുത്തേണ്ടതാണെന്നുള്ള വിവരം സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു എന്നുള്ള വിവരം എല്ലാ സ്വകാര്യസ്വാശ്രയ എഞ്ചിനീയറിങ് കോളേജുകളിലെ സ്ഥാപന മേധാവികളേയും ഇതിനാൽ അറിയിക്കുന്നു.

Digitally signed by
Jayaprakash P
Date: 25-05-2026
14:30:28

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്വകാര്യസ്വാശ്രയ എഞ്ചിനീയറിങ് കോളേജുകളിലെ സ്ഥാപനമേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി